"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - ടെക്സ്റ്റയിൽ/സ്പിന്നിംഗ് മിൽ മേഖലയിലെ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസമായി 1750-/ രൂപ പ്രതിമാസം അനുവദിച്ച് -ഉത്തരവാകുന്നു.

---

**വ്യവസായ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1004/2026/ID തീയതി,തിരുവനന്തപുരം, 22-08-2026

---

പരാമർശം:-

1. ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും 13.03.2026 തീയതിയിൽ ചേർന്ന ടെക്സ്റ്റൈൽ വ്യവസായ ബന്ധസമിതി യോഗതീരുമാനം.
2. ടെക്സ്ഫെഡ് മാനേജിംഗ് ഡയറക്ടറുടെ 22.04.2026 തീയതിയിലെ TEXFED/MD/IND/2026/4063 നമ്പർ കത്ത്.
3. കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറുടെ 23.04.2026 തീയതിയിലെ എച്ച്. എൽ/763/2026 സി1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം ടെക്സ്റ്റൈൽ/ സ്പിന്നിംഗ് മിൽ മേഖലയിലെ തൊഴിലാളികളുടെ സേവന വേതന കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും 13.03.2026 തീയതിയിൽ ചേർന്ന ടെക്സ്റ്റൈൽ വ്യവസായ ബന്ധസമിതി യോഗം, ടെക്സ്റ്റൈൽ/സ്പിന്നിംഗ് മിൽ മേഖലയിലെ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസമായി 1750-/ രൂപ പ്രതിമാസം നല്കാവുന്നതാണെന്നും നിലവിൽ ദീർഘകാല കരാറിന്റെ കാലാവധി കഴിഞ്ഞ മില്ലുകളിലെ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം നല്കിക്കൊണ്ടും മറ്റു മില്ലുകളിൽ

കാലാവധി കഴിയുന്ന മുറക്കും തുക നല്കാവുന്നതാണെന്നും തീരുമാനം കൈക്കൊണ്ടിരുന്നു.

2. പരാമർശം (2), (3) കത്തുകൾ പ്രകാരം ഇക്കാര്യത്തിൽ ഉത്തരവ് ലഭ്യമാക്കണമെന്ന് ടെക്സ്ഫെഡ് മാനേജിംഗ് ഡയറക്ടറും കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറും സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടെക്സ്റ്റൈൽ/സ്പിന്നിംഗ് മിൽ മേഖലയിലെ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസമായി 1750-/ രൂപ (ആയിരത്തി എഴുനൂറ്റി അമ്പത് രൂപ മാത്രം) പ്രതിമാസം നൽകി ഇതിനാൽ ഉത്തരവാകുന്നു. നിലവിൽ ദീർഘകാല കരാറിന്റെ കാലാവധി കഴിഞ്ഞ മില്ലുകളിലെ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം നല്കിക്കൊണ്ടും മറ്റു മില്ലുകളിൽ കാലാവധി കഴിയുന്ന മുറക്കും നല്കുന്നതിനും അനുമതി നൽകുന്നു. ഇതുമൂലമുണ്ടാകുന്ന മുഴുവൻ സാമ്പത്തിക ബാധ്യതയും ബന്ധപ്പെട്ട മില്ലുകൾ തന്നെ വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം.
കൈത്തറി & ടെക്സ്റ്റൈൽ ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, ടെക്സ്ഫെഡ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറുടെ കാര്യാലയം, തൊഴിൽ ഭവൻ, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.3499245/PU-D1/45/2026-FIN dated 21.08.2026).
ഐ & പി ആർ ഡി (ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
സ്റ്റോക്ക് ഫയൽ (C3/72/2026-IND)

ഉത്തരവിൻ പ്രകാരം
Digitally signed by
Indulekha C
Date: 22-08-2026
15:40:14
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.